**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3** **27-01-2026-ൽ മറുപടിയ്ക്ക്**

**കേരളം കൈവരിച്ച നേട്ടങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. തോമസ് കെ. തോമസ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. പി. മോഹനൻ

ശ്രീ. മാത്യു ടി. തോമസ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** ഇന്ത്യയ്ക്ക് മാതൃകയായി മാറിയ കേരളം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

**മറുപടി:** സുസ്ഥിര വികസന ലക്ഷ്യങ്ങളായ സാമൂഹ്യ ക്ഷേമം, ആരോഗ്യ സേവനങ്ങൾ, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, പരിസ്ഥിതി സംരക്ഷണം, സംരംഭകത്വം, വ്യവസായം & നൂതന വികസനം എന്നിവയിൽ കേരളം ശ്രദ്ധേയമായ പുരോഗതിയും നേട്ടങ്ങളും കൈവരിച്ച് രാജ്യത്തിന് മാതൃകയായി. നീതി ആയോഗിന്റെ 'സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG) ഇന്ത്യ ഇൻഡക്സ്' 2023-24 ൽ തുടർച്ചയായ നാലാം വർഷവും (സ്കോർ 79) കേരളം ഒന്നാമതാണ്. നീതി ആയോഗിന്റെ ദേശീയ ആരോഗ്യ സൂചികയിൽ കേരളം ഒന്നാമതാണ്. വ്യവസായ സൗഹൃദ അന്തരീക്ഷമുള്ള സംസ്ഥാനങ്ങളുടെ ദേശീയ റാങ്കിംഗിൽ കേരളം ഒന്നാമതാണ്. ആരോഗ്യ മേഖലയിൽ അതിനൂതന സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഡിജിറ്റൽ ഹെൽത്ത് സംവിധാനം കേരളത്തിൽ നടപ്പാക്കി. സ്റ്റാർട്ട് അപ് മേഖലയിലെ മികച്ച പ്രകടനത്തിനുള്ള കേന്ദ്ര സർക്കാരിന്റെ ബെസ്റ്റ് പെർഫോർമർ പുരസ്കാരം കേരളത്തിന് ലഭിച്ചു. വയോജന പരിപാലനത്തിലെ മാതൃകയ്ക്ക് കേന്ദ്ര സർക്കാരിന്റെ വയോശ്രേഷ്ഠ സമ്മാൻ കേരളത്തിന് ലഭിച്ചു. മാതൃ മരണം കുറയ്ക്കുന്നതിൽ ബെസ്റ്റ് പെർഫോർമിംഗ് സ്റ്റേറ്റ് ദേശീയ പുരസ്കാരം കേരളത്തിന് ലഭിച്ചു. കേരളം ഉയർന്ന മൊത്ത ആഭ്യന്തര ഉല്പാദനവും (GSDP) പ്രതിശീർഷ വരുമാനവും ഉള്ള ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാണ്. നീതി ആയോഗിന്റെ 2023 ലെ മൾട്ടി ഡൈമൻഷണൽ പോവർട്ടി ഇൻഡക്സ് പ്രകാരം ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം തുടർച്ചയായി രണ്ടാമതും അംഗീകരിക്കപ്പെട്ടു. സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും അടച്ചുറപ്പുള്ള ഭവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ലൈഫ് സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ ഭാഗമായി 2017 മുതൽ 19/01/2026 വരെ 4,81,935 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

**(ബി)** പല കാര്യങ്ങളിലും വികസിത രാജ്യങ്ങളേക്കാൾ നേട്ടങ്ങൾ കൈവരിച്ചിട്ടും കേരളത്തെ അപകീർത്തിപ്പെടുത്താൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

**മറുപടി:** ജനങ്ങളുടെ ഉന്നമനത്തിനും, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കും ഊന്നൽ നൽകിയുള്ള വികസന പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നത്. അടുത്ത 25 വർഷം കൊണ്ട് ജനങ്ങളുടെ ജീവിതനിലവാരം മധ്യവരുമാന വികസിത രാഷ്ട്രങ്ങൾക്ക് സമാനമായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ വിവിധ മേഖലകളിൽ നിരവധി വികസന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

**തൊഴിലും വിവരസാങ്കേതിക വിദ്യയും** - തൊഴിൽ രഹിതരായ 20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്ന ബൃഹത്തായ പദ്ധതികൾക്കാണ് സർക്കാർ തുടക്കമിട്ടിരിക്കുന്നത്. ഇതിന് നൈപുണ്യ പരിശീലനം നൽകുന്നതിനായി കേരള നോളജ് എക്കണോമി മിഷൻ രൂപീകരിച്ചിട്ടുണ്ട്. നൈപുണ്യ പരിശീലനം ലഭിച്ചവരുടെ വിവരങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുകയും, അവരിൽ നിന്ന് യോഗ്യരായവരെ ജോലിക്ക് തിരഞ്ഞെടുക്കുന്നതിന് ആഗോള കമ്പനികൾക്ക് അവസരം ഒരുക്കുകയും ചെയ്യുന്നു. നിർമ്മിത ബുദ്ധി അടിസ്ഥാനപ്പെടുത്തിയുള്ള പ്ലാറ്റ്ഫോമിന്റെ ആദ്യരൂപം ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇൻഡസ്ട്രിയൽ റെവല്യൂഷൻ 4.0 യുടെ പ്രയോഗത്തിനും ആഗോള കമ്പനികളുമായി സമ്പർക്കം പുലർത്തുന്നതിനും ഉന്നത വിദ്യാഭ്യാസ സംഘടനയെ സഹായിക്കുന്നതിനും നൂതന സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിനും കെ-ഡിസ്ക് (കേരള ഡവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ) മുൻകൈ എടുക്കുന്നുണ്ട്. ചെറുകിട സൂക്ഷ്മ സംരംഭങ്ങളുടെ ഇടയിൽ ഇന്നവേഷൻ ക്ലസ്റ്ററുകൾ രൂപീകരിക്കും.

- **കൃഷി**

മൂല്യ വർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുക എന്നീ ലക്ഷ്യങ്ങളോടെ മൂല്യ വർദ്ധിത കൃഷി മിഷൻ (Value Added Agriculture Mission) രൂപീകരിക്കുകയുണ്ടായി.

- **ആർട്ടിഫിഷ്യൽ ഇന്റലിജൻസ്**

കേരള സർവകലാശാല, ഡിജിറ്റൽ സർവകലാശാല, സാങ്കേതിക സർവകലാശാല, ഐ.സി.ടി. അക്കാഡമി തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ടെക്നോപാർക്കിന്റെയും നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പുതിയ പ്രോജക്ടുകൾ വിഭാവനം ചെയ്തു വരുന്നു.

- **സ്റ്റാർട്ടപ്പ് (Startups)**

സ്റ്റാർട്ടപ്പുകൾക്ക് അന്തർദേശീയ വാണിജ്യ ബന്ധം ഉറപ്പാക്കാൻ അന്തർ ദേശീയ ലോഞ്ച്പാഡ് പ്രോഗ്രാമുകൾ, ഇന്റർനാഷണൽ മാർക്കറ്റ് ആക്സസ് പ്രോഗ്രാം എന്നീ പദ്ധതികൾ ആരംഭിച്ചു.

- **ഇലക്ട്രോണിക്സ്**

കേരളത്തെ ഇലക്ട്രോണിക് വ്യവസായത്തിന്റെ ഹബ്ബാക്കി മാറ്റാനുള്ള ശ്രമമാണ് നടക്കുന്നത്. ഇലക്ട്രോണിക് ഹാർഡ്‌വെയർ നിർമ്മാണ യൂണിറ്റുകൾ, അസംബ്ലിംഗ് യൂണിറ്റുകൾ, ഇൻഫ്രാസ്ട്രക്ചർ യൂണിറ്റുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കുകൾ സ്ഥാപിക്കും. വിരൽത്തുമ്പിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയ 'എന്റെ ജില്ല' എന്ന മൊബൈൽ ആപ്പ്, ഉപഭോക്താക്കൾ ജി.എസ്.ടി ബില്ലുകൾ ചോദിച്ചു വാങ്ങുന്നതിനായി നടപ്പാക്കിയ 'ലക്കി ബിൽ ആപ്പ്' എന്നിവ സാർവത്രികമാക്കും.

- **ബയോടെക്നോളജി**

ലൈഫ് സയൻസ് പാർക്കുകൾ, ബയോ ക്യാമ്പസുകൾ, ലാബ് മൊഡ്യൂളുകൾ തുടങ്ങിയ മികവ് കേന്ദ്രങ്ങളുടെ പ്രവർത്തനം വികസിപ്പിക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പോലുള്ള ഗവേഷണ അധിഷ്ഠിത സ്ഥാപനങ്ങൾ ഔഷധരംഗത്ത് ജീനോമിക്സ്/പ്രോട്ട്യോമിക്സ്

തുടങ്ങിയ സാങ്കേതിക വിദ്യകൾ എന്നിവയെ പ്രയോജനപ്പെടുത്തിയുള്ള പ്രോജക്ടുകൾ ആണ് വിഭാവനം ചെയ്യുന്നത്.

- **<u>നാനോ ടെക്നോളജി</u>**

തൊഴിൽ അധിഷ്ഠിത നാനോ സാങ്കേതിക വിദ്യ കോഴ്സുകൾ വർദ്ധിപ്പിക്കും. കൃഷി, വ്യവസായം ഉൾപ്പെടെ വിവിധ മേഖലകൾ നാനോ സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യും. നാനോ സാങ്കേതികവിദ്യ ആസ്പദമാക്കി സയൻസ് പാർക്കുകൾ സ്ഥാപിക്കും.

- **<u>ടൂറിസം</u>**

അന്താരാഷ്ട്ര ടൂറിസം വിപണിയുടെ ശ്രദ്ധ ആകർഷിക്കാൻ വിപുലമായ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കും. അതിന്റെ ഭാഗമായി ഇക്കോ-ടൂറിസം, റെസ്പോൺസിബിൾ ടൂറിസം, സീറോ പ്ലാസ്റ്റിക് സോൺ, ഗ്രീൻ ഡെസ്റ്റിനേഷൻ, കാരവൻ ടൂറിസം തുടങ്ങിയവയെല്ലാം വിപുലീകരിക്കും. സ്പൈസസ് ടൂറിസം, പൈതൃക ടൂറിസം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകും.

- **<u>പ്രവാസികൾ</u>**

വിദേശ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകളെക്കുറിച്ച് പഠിക്കുകയും സുരക്ഷിതമായ നിയമന നടപടികൾ പ്രവാസികൾക്ക് ഉറപ്പ് വരുത്തുകയും ചെയ്യും. പ്രവാസി ഡാറ്റാ ബേസ് തയ്യാറാക്കുകയും അതിൽ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യും. പ്രവാസി ചിട്ടി, പ്രവാസി ഡിവിഡന്റ് സ്കീം, ലോക കേരളസഭ എന്നിവയെല്ലാം പ്രവാസികളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ്.

- **<u>പൊതുജനാരോഗ്യം</u>**

പകർച്ചവ്യാധികൾ, പകർച്ചേതര രോഗങ്ങളും, മാനസിക രോഗങ്ങളും, അപകടം മൂലം ഉണ്ടാകുന്ന മരണങ്ങളും കുറയ്ക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും. സമ്പൂർണ്ണ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പോലുള്ള പരിപാടികൾ നടപ്പിലാക്കും. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റും. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും ദേശീയ അക്രഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തും. ആരോഗ്യ രംഗത്ത് നൂതന സാങ്കേതികവിദ്യ പൂർണമായി പ്രയോജനപ്പെടുത്തി മൾട്ടി-സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും, അപെക്സ് കാൻസർ സെന്ററുകളും സ്ഥാപിക്കും.

- **സഹകരണം** - താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്ന് ഒഴിവാക്കി, 'മുറ്റത്തെ മുല്ല' എന്ന പേരിൽ കുടുംബശ്രീ വഴി, ഗ്രാമീണ ലഘു വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു.

- **<u>പാർപ്പിടം (ലൈഫ്)</u>**

ലൈഫ് മിഷന്റെ ഭാഗമായി അർഹരായവർക്ക് വീട്/ഫ്ലാറ്റ് അനുവദിച്ച് എല്ലാവർക്കും ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കും. 'പുനർഗേഹം' പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികളുടെ പുനഃരധിവാസം പ്രവർത്തികമാക്കി വരുന്നു.

- **<u>മുൻഗണനാ പദ്ധതികൾ (Priority Projects)</u>**

അടിസ്ഥാന സൗകര്യ വികസനത്തിനും വൻകിട പദ്ധതികളുടെ നടത്തിപ്പിനും റോഡുകൾ, പാലങ്ങൾ, റെയിൽവേ, ഐടി വികസനം, ടെക്നോളജി ഇന്നവേഷൻ സോൺ, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, പൊതുജനാ രോഗ്യരംഗത്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ, ജലസേചന കുടിവെള്ള പദ്ധതികൾ, സാംസ്കാരികം, ടൂറിസം, കായികം, കൃഷി, ഊർജ്ജം, തുറമുഖം, തീരസംരക്ഷണം തുടങ്ങിയ എല്ലാ മേഖലകളിലും സമഗ്ര വികസനം ഉറപ്പുവരുത്തുന്ന പദ്ധതികൾ നടപ്പിലാക്കും. വാതിൽപ്പടി

സേവനം, നിലാവ് പദ്ധതി, കെ-ഫോൺ തുടങ്ങിയവയെല്ലാം ഇതുമായി ബന്ധപ്പെട്ട മുൻഗണനാ പദ്ധതികളാണ്. ടേക്ക്-എ-ബ്രേക്ക്, റെസ്റ്റ്-സ്റ്റോപ്പ് എന്നീ പദ്ധതികൾ സാർവ്വത്രികമായി നടപ്പിലാക്കി വരുന്നു. കൂടാതെ പരപ്പനങ്ങാടി, ചെത്തി എന്നീ രണ്ടു പുതിയ മൽസ്യബന്ധന തുറമുഖ പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കും.

- **<u>അഴിമതിരഹിത ഭരണം</u>**

സേവന മേഖല ഉൾപ്പെടെ സർവ്വ മേഖലകളും അഴിമതി മുക്തമാക്കുന്നതിന് മുൻഗണന നൽകും. ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി സർക്കാർ ഓഫീസുകളിലെ ഫയൽ നീക്കം ത്വരിത ഗതിയിലാക്കുവാനും, കൃത്യമായി നിരീക്ഷിക്കുവാനുള്ള സംവിധാനം വിപുലീകരിക്കും.

- സർക്കാർ ഓഫീസുകളിലും പൊതുമേഖല സ്ഥാപനങ്ങളിലുമൊക്കെ ഡിജിറ്റലൈസേഷൻ പൂർണമായും നടപ്പാക്കും.
- ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തന ങ്ങളും ഉറവിട-മാലിന്യ സംസ്കരണ രീതികളും പ്രോത്സാഹിപ്പിക്കും.

- **<u>സ്ത്രീ സുരക്ഷ</u>**

എല്ലാ പദ്ധതികളും സ്ത്രീ സൗഹൃദവും പരിസ്ഥിതി സൗഹൃദവും ആക്കും. സ്ത്രീ സുരക്ഷയ്ക്കായി പിങ്ക് പോലീസ്, എന്റെ കൂട് എന്ന പദ്ധതികൾ ആവിഷ്കരിച്ച് വിപുലീകരിച്ചു കഴിഞ്ഞു.

- കുട്ടനാട്, കാസർഗോഡ്, വയനാട്, ഇടുക്കി പാക്കേജുകളുടെ പരിസ്ഥിതി പുനഃസ്ഥാപനത്തിനും, സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്ര വികസന പാക്കേജുകൾ നടപ്പിലാക്കും.
- **<u>റൂം ഫോർ റിവർ പദ്ധതി</u>** - നദികളുടെ ആഴം കൂട്ടി പ്രളയജലം വേഗത്തിൽ ഒഴുക്കി കളയുന്നതിനുള്ള പദ്ധതികൾ സാർവത്രികമാക്കും.
- **<u>പട്ടിക ജാതി പട്ടികവർഗ്ഗ വികസനം -</u>** മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അഞ്ചുവർഷത്തിനുള്ളിൽ പാർപ്പിടം നൽകും. റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റൽ എന്നിവ ഉന്നത നിലവാരത്തിലാക്കും. നൈപുണ്യ പരിശീലനം, തുടർ തൊഴിൽ പദ്ധതി എന്നിവയും നടപ്പിലാക്കും.
- **<u>വിദ്യാഭ്യാസം -</u>** എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടർ, സ്മാർട്ട് ക്ലാസ് റൂമുകൾ, ആധുനിക കെട്ടിട സമുച്ചയങ്ങൾ എന്നിവ ഉറപ്പാക്കും.
- **<u>പൊതുവിതരണ സമ്പ്രദായം</u>** - വാടക വീട്ടിലെ താമസക്കാർ, തെരുവോരത്ത് കഴിയുന്നവർ, ട്രാൻസ്ജെൻഡർ എന്നീ വിഭാഗങ്ങളിലെ അർഹരായവർക്ക് റേഷൻ കാർഡ് വിതരണം ചെയ്തു വരുന്നു. ആദിവാസി ഊരുകൾ, പ്ലാന്റേഷൻ മേഖലകൾ എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റേഷൻ കൈപ്പറ്റുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് മൊബൈൽ റേഷൻ കടകൾ വഴി സാധനങ്ങൾ വിതരണം ചെയ്യുന്നു. പൊതുവിതരണം കുറ്റമറ്റതും സുതാര്യമാക്കുന്നതിനുമായി പൊതുവിതരണം നടത്തുന്ന വാഹനങ്ങളിൽ GPS ഘടിപ്പിക്കൽ, NFSA ഗോഡൗണുകളിൽ CCTV സംവിധാനം ഒരുക്കൽ എന്നിവ നടന്നു വരുന്നു.

**ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം 100 ദിനകർമ്മപരിപാടികൾ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കിയിട്ടുണ്ട്. ജനോപകാരപ്രദമായ പദ്ധതികൾ പൂർത്തീകരിക്കാനും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഈ കർമ്മ പരിപാടി വഴി സാധിച്ചിട്ടുണ്ട്.**

**<u>നൂറുദിന കർമ്മ പരിപാടി- ഒന്നാം ഘട്ടം</u>**

2021 ജൂൺ 11 മുതൽ സെപ്തംബർ 19 വരെയുള്ള 100 ദിവസങ്ങൾ കൊണ്ട് ജനോപകാരപ്രദമായ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണിത്. 34 വകുപ്പുകളിലായി 184 പദ്ധതികൾ തെരഞ്ഞെടുത്തു

## നൂറുദിന കർമ്മ പരിപാടി- രണ്ടാം ഘട്ടം

2022ഫെബ്രുവരി 10 മുതൽ മെയ് 20 വരെയുള്ള 100 ദിവസങ്ങൾ കൊണ്ട് ജനോപകാരപ്രദമായ പദ്ധതികൾ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണിത്. 40 വകുപ്പുകളിലായി 1564 പദ്ധതികൾ തെരഞ്ഞെടുത്തു.

## നൂറുദിന കർമ്മ പരിപാടി- മൂന്നാം ഘട്ടം

2023 ഫെബ്രുവരി 10 മുതൽ മെയ് 20 വരെയുള്ള 100 ദിവസങ്ങൾ കൊണ്ട് ജനോപകാരപ്രദമായ പദ്ധതികൾ പൂർത്തീകരിക്കുകയോ, പുതിയവ ആരംഭിക്കുകയോ ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണിത്. 45 വകുപ്പുകളിലായി 1295 പദ്ധതികൾ തെരഞ്ഞെടുത്തു.

## നൂറുദിന കർമ്മ പരിപാടി- നാലാം ഘട്ടം

2024ജൂലൈ 15 മുതൽ ഒക്ടോബർ 22 വരെയുള്ള 100 ദിവസങ്ങൾ കൊണ്ട് ജനോപകാരപ്രദമായ പദ്ധതികൾ പൂർത്തീകരിക്കുകയോ, പുതിയവ ആരംഭിക്കുകയോ ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണിത്. 47 വകുപ്പുകളിലായി 1081 പദ്ധതികൾ തെരഞ്ഞെടുത്തു.

പദ്ധതികൾ യഥാസമയം അവലോകനം നടത്തുന്നതിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി തയ്യാറാക്കിയ **https://100days.kerala.gov.in** എന്ന പോർട്ടൽ നിലവിലുണ്ട്. ഭരണ വകുപ്പുകൾ നോഡൽ ഓഫീസർമാരുടെ മേൽനോട്ടത്തിൽ പദ്ധതികളുടെ പുരോഗതി യഥാസമയം പ്രസ്തുത പോർട്ടലിൽ ഡാറ്റാ എൻട്രി നടത്തുകയും, ആയത് ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുടെ ഓഫീസിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള നോഡൽ ഓഫീസർമാർ വെരിഫൈ ചെയ്യുമ്പോൾ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഡാഷ്ബോർഡിൽ കാണാൻ സാധിക്കുകയും ചെയ്യുന്നു.

## നവകേരളസദസ്സ് പദ്ധതികൾ

2023-ലെ നവകേരള സദസ്സിന്റെ ഭാഗമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപം നൽകുന്ന പ്രോജക്ടുകൾക്കായി 1000 കോടി രൂപ ചെലവഴിക്കുമെന്ന് 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്നു. സ്ഥായിയായ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇത് ഒരു തുടർ സ്വഭാവത്തിലുള്ള പദ്ധതിയല്ല. ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുള്ള നിർദിഷ്ട ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പരിമിത കാലയളവിലേക്കായി മാത്രം ആവിഷ്കരിച്ച ഒരു പദ്ധതിയാണിത്. ഈ പദ്ധതിയുടെ നോഡൽ വകുപ്പായി പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 140 നിയോജക മണ്ഡലങ്ങളിലായി പരമാവധി 2 പദ്ധതികൾ വീതം നിലവിൽ 228 പദ്ധതികൾക്ക് അംഗീകാരം നൽകി.

അധികാര വികേന്ദ്രീകരണം ലക്ഷ്യമിട്ട് നടപ്പാക്കിയ ജനകീയാസൂത്രണത്തിലൂടെ പ്രാദേശികതലത്തിലുള്ള വികസനം സാദ്ധ്യമാക്കാൻ കഴിഞ്ഞു. ദാരിദ്ര്യ ലഘൂകരണത്തിലും അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിലും രാജ്യത്തിന് മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞത് വികസനവും ക്ഷേമവും ഉറപ്പുവരുത്തിയുള്ള നടപടികളിലൂടെയാണ്

സുസ്ഥിര വികസന ലക്ഷ്യങ്ങളായ സാമൂഹ്യക്ഷേമം, ആരോഗ്യ സേവനങ്ങൾ, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, പരിസ്ഥിതി സംരക്ഷണം, സംരംഭകത്വം, വ്യവസായം, നൂതന വികസനം എന്നിവയിൽ ശ്രദ്ധേയമായ പുരോഗതിയും നേട്ടങ്ങളും നാം കൈവരിച്ചിട്ടുണ്ട്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ തുടർച്ചയായി നാല് വർഷവും കേരളം ഒന്നാമതാണ്. ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം അംഗീകരിക്കപ്പെട്ടു.

കേരളം ഇതിനകം കൈവരിച്ച വളർച്ച സമഗ്രമായി വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നത്.

പാവപ്പെട്ടവർക്കായുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും പശ്ചാത്തല സൗകര്യങ്ങളും വർദ്ധിപ്പിച്ചുകൊണ്ട് ഒരു നവകേരളം സൃഷ്ടിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

രാജ്യത്തെ പൊതുനയങ്ങളിൽ നിന്നും ഭിന്നമായി നാം സ്വീകരിച്ച ജനപക്ഷ ഭരണ നയങ്ങൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഉയർന്ന ജീവിത നിലവാരമുള്ള നാടാക്കി കേരളത്തെ വളർത്തി. നാം കൈവരിച്ച നേട്ടങ്ങൾ സ്വാംശീകരിച്ച് നവകേരളം എന്ന കാഴ്ചപ്പാട് മുന്നോട്ടുവച്ച് കേരളം മുന്നേറുകയാണ്.

വികസിത രാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതനിലവാരമുള്ള നാടായി കേരളത്തെ മാറ്റാനാണ് ലക്ഷ്യമിടുന്നത്. നവകേരള കർമ്മപദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി നവകേരള സദസ്സ് സംഘടിപ്പിക്കുകയും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ വികസന സദസ്സ് സംഘടിപ്പിക്കുകയും ചെയ്തു. സംസ്ഥാനം രൂപീകൃതമായി 75 വർഷം പൂർത്തിയാകുന്ന വേളയിൽ കഴിഞ്ഞകാലങ്ങളിൽ കൈവരിച്ച വളർച്ച വിലയിരുത്തി ഭാവി വികസനലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും, കേരളത്തെ പുരോഗമനപരവും വികസിതവുമായ ഒരു സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 'വിഷൻ 2031' എന്ന പേരിൽ വിവിധ വിഷയങ്ങളിൽ സെമിനാറുകൾ നടത്തി.

നവകേരള പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനങ്ങളുടെ അനുഭവങ്ങൾ സ്വാംശീകരിക്കുവാനുമായി ജനകീയ പഠന സംവിധാനത്തിന് രൂപം നല്ലി. ഇതിനായി നവകേരളം- സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം എന്ന പഠനപരിപാടി ആരംഭിച്ചു.

**(സി)** നവകേരള സൃഷ്ടിക്കായി ഈ സർക്കാർ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** ജനങ്ങളുടെ ഉന്നമനത്തിനും, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കും ഊന്നൽ നൽകിയുള്ള വികസന പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കി വരുന്നത്. അടുത്ത 25 വർഷം കൊണ്ട് ജനങ്ങളുടെ ജീവിതനിലവാരം മധ്യവരുമാന വികസിത രാഷ്ട്രങ്ങൾക്ക് സമാനമായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ വിവിധ മേഖലകളിൽ നിരവധി വികസന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

**<u>തൊഴിലും വിവരസാങ്കേതിക വിദ്യയും</u>** - തൊഴിൽ രഹിതരായ 20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്ന ബൃഹത്തായ പദ്ധതികൾക്കാണ് സർക്കാർ തുടക്കമിട്ടിരിക്കുന്നത്. ഇതിന് നൈപുണ്യ പരിശീലനം നൽകുന്നതിനായി കേരള നോളജ് എക്കണോമി മിഷൻ രൂപീകരിച്ചിട്ടുണ്ട്. നൈപുണ്യ പരിശീലനം ലഭിച്ചവരുടെ വിവരങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുകയും, അവരിൽ നിന്ന് യോഗ്യരായവരെ ജോലിക്ക് തിരഞ്ഞെടുക്കുന്നതിന് ആഗോള കമ്പനികൾക്ക് അവസരം ഒരുക്കുകയും ചെയ്യുന്നു. നിർമ്മിത ബുദ്ധി അടിസ്ഥാനപ്പെടുത്തിയുള്ള പ്ലാറ്റ്ഫോമിന്റെ ആദ്യരൂപം ഡിജിറ്റൽ

യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇൻഡസ്ട്രിയൽ റെവല്യൂഷൻ 4.0 യുടെ പ്രയോഗത്തിനും ആഗോള കമ്പനികളുമായി സമ്പർക്കം പുലർത്തുന്നതിനും ഉന്നത വിദ്യാഭ്യാസ സംഘടനയെ സഹായിക്കുന്നതിനും നൂതന സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിനും കെ-ഡിസ്ക് (കേരള ഡവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ) മുൻകൈ എടുക്കുന്നുണ്ട്. ചെറുകിട സൂക്ഷ്മ സംരംഭങ്ങളുടെ ഇടയിൽ ഇന്നവേഷൻ ക്ലസ്റ്ററുകൾ രൂപീകരിക്കും.

- **കൃഷി**

മൂല്യ വർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റു അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുക എന്നീ ലക്ഷ്യങ്ങളോടെ മൂല്യ വർദ്ധിത കൃഷി മിഷൻ (Value Added Agriculture Mission) രൂപീകരിക്കുകയുണ്ടായി.

- **ആർട്ടിഫിഷ്യൽ ഇന്റലിജൻസ്**

കേരള സർവകലാശാല, ഡിജിറ്റൽ സർവകലാശാല, സാങ്കേതിക സർവകലാശാല, ഐ.സി.ടി. അക്കാഡമി തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ടെക്നോപാർക്കിന്റെയും നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പുതിയ പ്രോജക്ടുകൾ വിഭാവനം ചെയ്തു വരുന്നു.

- **സ്റ്റാർട്ടപ്പ് (Startups)**

സ്റ്റാർട്ടപ്പുകൾക്ക് അന്തർദേശീയ വാണിജ്യ ബന്ധം ഉറപ്പാക്കാൻ അന്തർ ദേശീയ ലോഞ്ച്പാഡ് പ്രോഗ്രാമുകൾ, ഇന്റർനാഷണൽ മാർക്കറ്റ് ആക്സസ് പ്രോഗ്രാം എന്നീ പദ്ധതികൾ ആരംഭിച്ചു.

- **ഇലക്ട്രോണിക്സ്**

കേരളത്തെ ഇലക്ട്രോണിക് വ്യവസായത്തിന്റെ ഹബ്ബാക്കി മാറ്റാനുള്ള ശ്രമമാണ് നടക്കുന്നത്. ഇലക്ട്രോണിക് ഹാർഡ്‌വെയർ നിർമ്മാണ യൂണിറ്റുകൾ, അസംബ്ലിംഗ് യൂണിറ്റുകൾ, ഇൻഫ്രാസ്ട്രക്ചർ യൂണിറ്റുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കുകൾ സ്ഥാപിക്കും. വിരൽത്തുമ്പിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയ 'എന്റെ ജില്ല' എന്ന മൊബൈൽ ആപ്പ്, ഉപഭോക്താക്കൾ ജി.എസ്.ടി ബില്ലുകൾ ചോദിച്ചു വാങ്ങുന്നതിനായി നടപ്പാക്കിയ 'ലക്കി ബിൽ ആപ്പ്' എന്നിവ സാർവത്രികമാക്കും.

- **ബയോടെക്നോളജി**

ലൈഫ് സയൻസ് പാർക്കുകൾ, ബയോ ക്യാമ്പസുകൾ, ലാബ് മൊഡ്യൂളുകൾ തുടങ്ങിയ മികവ് കേന്ദ്രങ്ങളുടെ പ്രവർത്തനം വികസിപ്പിക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പോലുള്ള ഗവേഷണ അധിഷ്ഠിത സ്ഥാപനങ്ങൾ ഔഷധരംഗത്ത് ജീനോമിക്സ്/പ്രോട്ട്യോമിക്സ് തുടങ്ങിയ സാങ്കേതിക വിദ്യകൾ എന്നിവയെ പ്രയോജനപ്പെടുത്തിയുള്ള പ്രോജക്ടുകൾ ആണ് വിഭാവനം ചെയ്യുന്നത്.

- **നാനോ ടെക്നോളജി**

തൊഴിൽ അധിഷ്ഠിത നാനോ സാങ്കേതിക വിദ്യ കോഴ്സുകൾ വർദ്ധിപ്പിക്കും. കൃഷി, വ്യവസായം ഉൾപ്പെടെ വിവിധ മേഖലകൾ നാനോ സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യും. നാനോ സാങ്കേതികവിദ്യ ആസ്പദമാക്കി സയൻസ് പാർക്കുകൾ സ്ഥാപിക്കും.

- **ടൂറിസം**

അന്താരാഷ്ട്ര ടൂറിസം വിപണിയുടെ ശ്രദ്ധ ആകർഷിക്കാൻ വിപുലമായ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കും. അതിന്റെ ഭാഗമായി ഇക്കോ-ടൂറിസം, റെസ്പോൺസിബിൾ ടൂറിസം, സീറോ പ്ലാസ്റ്റിക് സോൺ, ഗ്രീൻ ഡെസ്റ്റിനേഷൻ, കാരവൻ ടൂറിസം തുടങ്ങിയവയെല്ലാം വിപുലീകരിക്കും. സ്പൈസസ് ടൂറിസം, പൈതൃക ടൂറിസം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകും.

- **<u>പ്രവാസികൾ</u>**

വിദേശ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകളെക്കുറിച്ച് പഠിക്കുകയും സുരക്ഷിതമായ നിയമന നടപടികൾ പ്രവാസികൾക്ക് ഉറപ്പ് വരുത്തുകയും ചെയ്യും. പ്രവാസി ഡാറ്റാ ബേസ് തയ്യാറാക്കുകയും അതിൽ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യും. പ്രവാസി ചിട്ടി, പ്രവാസി ഡിവിഡന്റ് സ്കീം, ലോക കേരളസഭ എന്നിവയെല്ലാം പ്രവാസികളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ്.

- **<u>പൊതുജനാരോഗ്യം</u>**

പകർച്ചവ്യാധികൾ, പകർച്ചേതര രോഗങ്ങളും, മാനസിക രോഗങ്ങളും, അപകടം മൂലം ഉണ്ടാകുന്ന മരണങ്ങളും കുറയ്ക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും. സമ്പൂർണ്ണ സാർവ്വത്രിക ഇമ്യൂണൈസേഷൻ പോലുള്ള പരിപാടികൾ നടപ്പിലാക്കും. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റും. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും ദേശീയ അക്രഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തും. ആരോഗ്യ രംഗത്ത് നൂതന സാങ്കേതികവിദ്യ പൂർണമായി പ്രയോജനപ്പെടുത്തി മൾട്ടി-സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും, അപെക്സ് കാൻസർ സെന്ററുകളും സ്ഥാപിക്കും.

- **സഹകരണം** - താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്ന് ഒഴിവാക്കി, 'മുറ്റത്തെ മുല്ല' എന്ന പേരിൽ കുടുംബശ്രീ വഴി, ഗ്രാമീണ ലഘു വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു.

- **<u>പാർപ്പിടം (ലൈഫ്)</u>**

ലൈഫ് മിഷന്റെ ഭാഗമായി അർഹരായവർക്ക് വീട്/ഫ്ലാറ്റ് അനുവദിച്ച് എല്ലാവർക്കും ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കും. 'പുനർഗേഹം' പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികളുടെ പുനഃരധിവാസം പ്രവർത്തികമാക്കി വരുന്നു.

- **<u>മുൻഗണനാ പദ്ധതികൾ (Priority Projects)</u>**

അടിസ്ഥാന സൗകര്യ വികസനത്തിനും വൻകിട പദ്ധതികളുടെ നടത്തിപ്പിനും റോഡുകൾ, പാലങ്ങൾ, റെയിൽവേ, ഐടി വികസനം, ടെക്നോളജി ഇന്നവേഷൻ സോൺ, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, പൊതുജനാ രോഗ്യരംഗത്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ, ജലസേചന കുടിവെള്ള പദ്ധതികൾ, സാംസ്കാരികം, ടൂറിസം, കായികം, കൃഷി, ഊർജ്ജം, തുറമുഖം, തീരസംരക്ഷണം തുടങ്ങിയ എല്ലാ മേഖലകളിലും സമഗ്ര വികസനം ഉറപ്പുവരുത്തുന്ന പദ്ധതികൾ നടപ്പിലാക്കും. വാതിൽപ്പടി സേവനം, നിലാവ് പദ്ധതി, കെ-ഫോൺ തുടങ്ങിയവയെല്ലാം ഇതുമായി ബന്ധപ്പെട്ട മുൻഗണനാ പദ്ധതികളാണ്. ടേക്ക്-എ-ബ്രേക്ക്, റെസ്റ്റ്-സ്റ്റോപ് എന്നീ പദ്ധതികൾ സാർവ്വത്രികമായി നടപ്പിലാക്കി വരുന്നു. കൂടാതെ പരപ്പനങ്ങാടി, ചെത്തി എന്നീ രണ്ടു പുതിയ മൽസ്യബന്ധന തുറമുഖ പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കും.

- **<u>അഴിമതിരഹിത ഭരണം</u>**

സേവന മേഖല ഉൾപ്പെടെ സർവ്വ മേഖലകളും അഴിമതി മുക്തമാക്കുന്നതിന് മുൻഗണന നൽകും. ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി സർക്കാർ ഓഫീസുകളിലെ ഫയൽ നീക്കം ത്വരിത ഗതിയിലാക്കുവാനും, കൃത്യമായി നിരീക്ഷിക്കുവാനുള്ള സംവിധാനം വിപുലീകരിക്കും.

- സർക്കാർ ഓഫീസുകളിലും പൊതുമേഖല സ്ഥാപനങ്ങളിലുമൊക്കെ ഡിജിറ്റലൈസേഷൻ പൂർണമായും നടപ്പാക്കും.
- ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തന ങ്ങളും ഉറവിട-മാലിന്യ സംസ്കരണ രീതികളും പ്രോത്സാഹിപ്പിക്കും.

- **<u>സ്ത്രീ സുരക്ഷ</u>**

എല്ലാ പദ്ധതികളും സ്ത്രീ സൗഹൃദവും പരിസ്ഥിതി സൗഹൃദവും ആക്കും. സ്ത്രീ സുരക്ഷയ്ക്കായി പിങ്ക് പോലീസ്, എന്റെ കൂട് എന്ന പദ്ധതികൾ ആവിഷ്കരിച്ച് വിപുലീകരിച്ച് കഴിഞ്ഞു.

- കുട്ടനാട്, കാസർഗോഡ്, വയനാട്, ഇടുക്കി പാക്കേജുകളുടെ പരിസ്ഥിതി പുനഃസ്ഥാപനത്തിനും, സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്ര വികസന പാക്കേജുകൾ നടപ്പിലാക്കും.
- **<u>റൂം ഫോർ റിവർ പദ്ധതി</u>** - നദികളുടെ ആഴം കൂട്ടി പ്രളയജലം വേഗത്തിൽ ഒഴുക്കി കളയുന്നതിനുള്ള പദ്ധതികൾ സാർവത്രികമാക്കും.
- **<u>പട്ടിക ജാതി പട്ടികവർഗ്ഗ വികസനം -</u>** മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അഞ്ചുവർഷത്തിനുള്ളിൽ പാർപ്പിടം നൽകും. റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റൽ എന്നിവ ഉന്നത നിലവാരത്തിലാക്കും. നൈപുണ്യ പരിശീലനം, തുടർ തൊഴിൽ പദ്ധതി എന്നിവയും നടപ്പിലാക്കും.
- **<u>വിദ്യാഭ്യാസം -</u>** എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടർ, സ്മാർട്ട് ക്ലാസ് റൂമുകൾ, ആധുനിക കെട്ടിട സമുച്ചയങ്ങൾ എന്നിവ ഉറപ്പാക്കും.
- **<u>പൊതുവിതരണ സമ്പ്രദായം</u>** - വാടക വീട്ടിലെ താമസക്കാർ, തെരുവോരത്ത് കഴിയുന്നവർ, ട്രാൻസ്ജെൻഡർ എന്നീ വിഭാഗങ്ങളിലെ അർഹരായവർക്ക് റേഷൻ കാർഡ് വിതരണം ചെയ്തു വരുന്നു. ആദിവാസി ഊരുകൾ, പ്ലാന്റേഷൻ മേഖലകൾ എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റേഷൻ കൈപ്പറ്റുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് മൊബൈൽ റേഷൻ കടകൾ വഴി സാധനങ്ങൾ വിതരണം ചെയ്യുന്നു. പൊതുവിതരണം കുറ്റമറ്റതും സുതാര്യമാക്കുന്നതിനുമായി പൊതുവിതരണം നടത്തുന്ന വാഹനങ്ങളിൽ GPS ഘടിപ്പിക്കൽ, NFSA ഗോഡൗണുകളിൽ CCTV സംവിധാനം ഒരുക്കൽ എന്നിവ നടന്നു വരുന്നു.

**ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം 100 ദിനകർമ്മപരിപാടികൾ മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കിയിട്ടുണ്ട്. ജനോപകാരപ്രദമായ പദ്ധതികൾ പൂർത്തീകരിക്കാനും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും ഈ കർമ്മ പരിപാടി വഴി സാധിച്ചിട്ടുണ്ട്.**

**<u>നൂറുദിന കർമ്മ പരിപാടി- ഒന്നാം ഘട്ടം</u>**

2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെയുള്ള 100 ദിവസങ്ങൾ കൊണ്ട് ജനോപകാരപ്രദമായ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണിത്. 34 വകുപ്പുകളിലായി 184 പദ്ധതികൾ തെരഞ്ഞെടുത്തു

**<u>നൂറുദിന കർമ്മ പരിപാടി- രണ്ടാം ഘട്ടം</u>**

2022ഫെബ്രുവരി 10 മുതൽ മെയ് 20 വരെയുള്ള 100 ദിവസങ്ങൾ കൊണ്ട് ജനോപകാരപ്രദമായ പദ്ധതികൾ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണിത്. 40 വകുപ്പുകളിലായി 1564 പദ്ധതികൾ തെരഞ്ഞെടുത്തു.

**<u>നൂറുദിന കർമ്മ പരിപാടി- മൂന്നാം ഘട്ടം</u>**

2023 ഫെബ്രുവരി 10 മുതൽ മെയ് 20 വരെയുള്ള 100 ദിവസങ്ങൾ കൊണ്ട് ജനോപകാരപ്രദമായ പദ്ധതികൾ പൂർത്തീകരിക്കുകയോ, പുതിയവ ആരംഭിക്കുകയോ ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണിത്. 45 വകുപ്പുകളിലായി 1295 പദ്ധതികൾ തെരഞ്ഞെടുത്തു.

**<u>നൂറുദിന കർമ്മ പരിപാടി- നാലാം ഘട്ടം</u>**

2024ജൂലൈ 15 മുതൽ ഒക്ടോബർ 22 വരെയുള്ള 100 ദിവസങ്ങൾ കൊണ്ട് ജനോപകാരപ്രദമായ പദ്ധതികൾ പൂർത്തീകരിക്കുകയോ, പുതിയവ ആരംഭിക്കുകയോ ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ പ്രഖ്യാപിച്ച പദ്ധതിയാണിത്. 47 വകുപ്പുകളിലായി 1081 പദ്ധതികൾ തെരഞ്ഞെടുത്തു.

പദ്ധതികൾ യഥാസമയം അവലോകനം നടത്തുന്നതിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി തയ്യാറാക്കിയ **https://100days.kerala.gov.in** എന്ന പോർട്ടൽ നിലവിലുണ്ട്. ഭരണ വകുപ്പുകൾ നോഡൽ ഓഫീസർമാരുടെ മേൽനോട്ടത്തിൽ പദ്ധതികളുടെ പുരോഗതി യഥാസമയം പ്രസ്തുത പോർട്ടലിൽ ഡാറ്റാ എൻട്രി നടത്തുകയും, ആയത് ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുടെ ഓഫീസിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള നോഡൽ ഓഫീസർമാർ വെരിഫൈ ചെയ്യുമ്പോൾ പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ ഡാഷ്ബോർഡിൽ കാണാൻ സാധിക്കുകയും ചെയ്യുന്നു.

## നവകേരളസദസ്സ് പദ്ധതികൾ

2023-ലെ നവകേരള സദസ്സിന്റെ ഭാഗമായി നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപം നൽകുന്ന പ്രോജക്ടുകൾക്കായി 1000 കോടി രൂപ ചെലവഴിക്കുമെന്ന് 2024-25 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്നു. സ്ഥായിയായ സാമൂഹ്യ ആസ്തികൾ സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഇത് ഒരു തുടർ സ്വഭാവത്തിലുള്ള പദ്ധതിയല്ല. ബജറ്റ് പ്രസംഗത്തിൽ വ്യക്തമാക്കിയിട്ടുള്ള നിർദിഷ്ട ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി പരിമിത കാലയളവിലേക്കായി മാത്രം ആവിഷ്കരിച്ച ഒരു പദ്ധതിയാണിത്. ഈ പദ്ധതിയുടെ നോഡൽ വകുപ്പായി പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. 140 നിയോജക മണ്ഡലങ്ങളിലായി പരമാവധി 2 പദ്ധതികൾ വീതം നിലവിൽ 228 പദ്ധതികൾക്ക് അംഗീകാരം നൽകി.

അധികാര വികേന്ദ്രീകരണം ലക്ഷ്യമിട്ട നടപ്പാക്കിയ ജനകീയാസൂത്രണത്തിലൂടെ പ്രാദേശികതലത്തിലുള്ള വികസനം സാദ്ധ്യമാക്കാൻ കഴിഞ്ഞു. ദാരിദ്ര്യ ലഘൂകരണത്തിലും അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിലും രാജ്യത്തിന് മാതൃകയാകാൻ കേരളത്തിന് കഴിഞ്ഞത് വികസനവും ക്ഷേമവും ഉറപ്പുവരുത്തിയുള്ള നടപടികളിലൂടെയാണ്

സുസ്ഥിര വികസന ലക്ഷ്യങ്ങളായ സാമൂഹ്യക്ഷേമം, ആരോഗ്യ സേവനങ്ങൾ, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, പരിസ്ഥിതി സംരക്ഷണം, സംരംഭകത്വം, വ്യവസായം, നൂതന വികസനം എന്നിവയിൽ ശ്രദ്ധേയമായ പുരോഗതിയും നേട്ടങ്ങളും നാം കൈവരിച്ചിട്ടുണ്ട്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ തുടർച്ചയായി നാല് വർഷവും കേരളം ഒന്നാമതാണ്. ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനമായി കേരളം അംഗീകരിക്കപ്പെട്ടു.

കേരളം ഇതിനകം കൈവരിച്ച വളർച്ച സമഗ്രമായി വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾ ആസൂത്രണം ചെയ്തു വരുന്നത്.

പാവപ്പെട്ടവർക്കായുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും പശ്ചാത്തല സൗകര്യങ്ങളും വർദ്ധിപ്പിച്ചുകൊണ്ട് ഒരു നവകേരളം സൃഷ്ടിക്കുന്നതിനുള്ള ഊർജ്ജിതമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്.

രാജ്യത്തെ പൊതുനയങ്ങളിൽ നിന്നും ഭിന്നമായി നാം സ്വീകരിച്ച ജനപക്ഷ ഭരണ നയങ്ങൾ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി ഉയർന്ന ജീവിത നിലവാരമുള്ള നാടാക്കി കേരളത്തെ വളർത്തി. നാം കൈവരിച്ച നേട്ടങ്ങൾ സ്വാംശീകരിച്ച് നവകേരളം എന്ന കാഴ്ചപ്പാട് മുന്നോട്ടുവച്ച് കേരളം മുന്നേറുകയാണ്.

വികസിത രാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതനിലവാരമുള്ള നാടായി കേരളത്തെ മാറ്റാനാണ് ലക്ഷ്യമിടുന്നത്. നവകേരള കർമ്മപദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി നവകേരള സദസ്സ് സംഘടിപ്പിക്കുകയും തദ്ദേശ സ്ഥാപനാടിസ്ഥാനത്തിൽ വികസന സദസ്സ് സംഘടിപ്പിക്കുകയും ചെയ്തു. സംസ്ഥാനം രൂപീകൃതമായി 75 വർഷം പൂർത്തിയാകുന്ന വേളയിൽ കഴിഞ്ഞകാലങ്ങളിൽ കൈവരിച്ച വളർച്ച വിലയിരുത്തി ഭാവി വികസനലക്ഷ്യങ്ങൾ ആസൂത്രണം ചെയ്യുന്നതിനും, കേരളത്തെ പുരോഗമനപരവും വികസിതവുമായ ഒരു സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 'വിഷൻ 2031' എന്ന പേരിൽ വിവിധ വിഷയങ്ങളിൽ സെമിനാറുകൾ നടത്തി.

നവകേരള പദ്ധതികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ജനങ്ങളുടെ അനുഭവങ്ങൾ സ്വാംശീകരിക്കുവാനുമായി ജനകീയ പഠന സംവിധാനത്തിന് രൂപം നല്ലി. ഇതിനായി നവകേരളം-സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം എന്ന പഠനപരിപാടി ആരംഭിച്ചു.

**സെക്ഷൻ ഓഫീസർ**